പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

## തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5505 — 27-03-2018-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. പി.ടി. തോമസ്<br>ശ്രീ. അനിൽ അക്കര** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) | |
| (എ) | കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്ര സർക്കാർ അനുവദിക്കുന്ന തുക തദ്ദേശഭരണ സ്ഥാപനങ്ങൾ പൂർണ്ണമായും ചെലവഴിക്കാത്ത സാഹചര്യമുണ്ടോ; ഉണ്ടെങ്കിൽ അതുമൂലം കേന്ദ്ര സർക്കാർ അനുവദിക്കുന്ന തുകയിൽ കുറവ് വരുത്തിയിട്ടുണ്ടോ; | (എ) | കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്ര സർക്കാർ അനുവദിക്കുന്ന തുകയിൽ നിന്നും ചെലവഴിക്കപ്പെടാത്ത തുക അടുത്ത വർഷത്തെ നീക്കിയിരുപ്പിൽ വകയിരുത്തുന്നതിനാൽ പൂർണ്ണമായും തുക ചെലവഴിക്കാത്ത സാഹചര്യമുണ്ടാകുന്നില്ല. |
| (ബി) | പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) ഗുണഭോക്താക്കളെ 2017-ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് ലിസ്റ്റിൽ നിന്നും തെരഞ്ഞെടുക്കണമെന്ന് നിർദ്ദേശമുണ്ടോ; ഇക്കാരണത്താൽ ആവാസ് യോജനയിലെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിൽ ഭൗതികലക്ഷ്യം കൈവരിക്കുവാൻ കഴിയാത്ത സാഹചര്യമുണ്ടായിട്ടുണ്ടോ; | (ബി) | പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് 2011-ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് ലിസ്റ്റിൽ നിന്നുമാണ്. ടി ലിസ്റ്റിൽ നിന്നും ഭൗതിക ലക്ഷ്യ പ്രകാരമുള്ള അർഹരായ ഗുണഭോക്താക്കളെ ലഭ്യമാകാത്ത സാഹചര്യമുണ്ട്. |
| (സി) | എങ്കിൽ പ്രസ്തുത മാനദണ്ഡത്തിൽ ഇളവ് ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; ഇതിന്മേലുള്ള കേന്ദ്ര സർക്കാർ നിലപാട് അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | ഉണ്ട്. എസ്.ഇ.സി.സി.ലിസ്റ്റിൽ ഉൾപ്പെടാത്ത അർഹരായ ഗുണഭോക്താക്കളെ സർവ്വെ നടത്തി എസ്.ഇ.സി.സിയിലെ മാനദണ്ഡ പ്രകാരം പുതുതായി ഉൾപ്പെടുത്തുവാൻ കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ